22
മാർച്ച് 2019 വെള്ളി
1194 മീനം 08
തിരുവനന്തപുരം

കേരള കൗമുദി

SINCE 1911
FOUNDER EDITOR: K. SUKUMARAN B.A

108 വർഷങ്ങൾ
4 തലമുറകൾ

14 പേജ് ₹ 7.50

THIRUVANANTHAPURAM | KOLLAM | PATHANAMTHITTA | ALAPUZHA | KOTTAYAM | KOCHI | THRISSUR | KOZHIKODE | KANNUR | BENGALURU
www.keralakaumudi.com www.facebook.com/keralakaumudi

ബി.ജെ.പി ആദ്യ ലിസ്റ്റായി

മോദി + 183

● മോദി വാരണാസിയിൽ ● അദ്വാനിയുടെ ഗാന്ധിനഗറിൽ അമിത് ഷാ
● രാഹുൽ ഗാന്ധിക്കെതിരെ വീണ്ടും സ്മൃതി ഇറാനി ● പത്തനംതിട്ട ഒഴിവാക്കി കേരള ലിസ്റ്റ്

സ്വന്തംലേഖകൻ

ന്യൂഡൽഹി: പ്രധാനമന്ത്രി നരേന്ദ്രമോദിയും ദേശീയ അദ്ധ്യക്ഷൻ അമിത് ഷായും ഉൾപ്പെടെ 20 സംസ്ഥാനങ്ങളിലെ 184 സ്ഥാനാർത്ഥികളുടെ ആദ്യപട്ടിക ബി.ജെ.പി പുറത്തിറക്കി. ഉന്നത നേതാവും സിറ്റിംഗ്എം. പിയുമായ എൽ. കെഅദ്വാനിയെഒഴിവാക്കി.

അതേസമയം, പത്തനംതിട്ടയെയും കെ. സുരേന്ദ്രനെയും പ്രഖ്യാപിക്കാതെയും ടോം വടക്കനെ ഒഴിവാക്കിയും കേരളത്തിലെ സ്ഥാനാർത്ഥി ലിസ്റ്റും ഇന്നലെ സീനിയർ നേതാവ് ജെ.പി. നദ്ദ പത്രസമ്മേളനത്തിൽപ്രഖ്യാപിച്ചു.

നരേന്ദ്രമോദി യു.പിയിലെ വാരണാസിയിൽവീണ്ടുംമത്സരിക്കും. കഴിഞ്ഞതവണത്തെപോലെമോദി രണ്ടിടത്ത് മത്സരിക്കുമെന്നും ഒഡിഷയിലെ പുരിയാകും രണ്ടാമത്തെ സീറ്റെന്നും റിപ്പോർട്ടുണ്ടായിരുന്നു. 2014ൽവഡോദരയിലുംമോദി ജയിച്ചിരുന്നു. ബി.ജെ.പി ദേശീയ അദ്ധ്യക്ഷനും രാജ്യസഭാംഗവുമായ അമിത് ഷാ ഗുജറാത്തിലെ ഗാന്ധിനഗറിൽ നിന്ന് ജനവിധി തേടും. മുതിർന്ന നേതാവും സിറ്റിംഗ്എം.പിയുമായ എൽ.കെ. അദ്വാനിയെമാറ്റിയാണ്ആ സീറ്റ്അമിത് ഷായ്ക്ക് പോകുകയിലേക്കുള്ള കന്നിയങ്കത്തിന് നൽകിയത്.

കോൺഗ്രസ് അദ്ധ്യക്ഷൻ രാഹുൽ ഗാന്ധിക്കെതിരെ യു.പിയിലെ അമേതിയിൽ ഇത്തവണയും കേന്ദ്രമന്ത്രി സ്മൃതി ഇറാനി മത്സരിക്കും. 2014ൽ അമേതിയിൽ രാഹുലിന്റെ ഭൂരിപക്ഷം കുറച്ച് മിന്നുന്ന പ്രകടനമായിരുന്നു സ്മൃതി ഇറാനിയുടേത്. കേന്ദ്രമന്ത്രിമേനകാഗാന്ധി, മകൻ വരുൺഗാന്ധി എന്നിവരും ആദ്യ ലിസ്റ്റിൽ ഇല്ല.

ബിഹാറിൽ ബി. ജെ. പി മത്സരിക്കുന്ന 17 സീറ്റുകളിലെ സ്ഥാനാർത്ഥികളെയും നിശ്ചയിച്ചു. അവിടെഘടകകക്ഷികൾക്കൊപ്പമായിരിക്കും പ്രഖ്യാപനം. യു. പി, ഉത്തരാഖണ്ഡ്, ഗുജറാത്ത്, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ, രാജസ്ഥാൻ, അരുണാചൽ പ്രദേശ്, ത്രിപുര സംസ്ഥാനങ്ങളിലെസ്ഥാനാർത്ഥികളും ലിസ്റ്റിൽ ഉൾപ്പെടുന്നു.

കേരളത്തിലെ ബി.ജെ.പി സ്ഥാനാർത്ഥികൾ

കാസർകോട് - രവീശ തന്ത്രി കുണ്ടാർ, കണ്ണൂർ - സി.കെ. പദ്മനാഭൻ, വടകര - വി. കെ. സജീവൻ, കോഴിക്കോട് - പ്രകാശ് ബാബു, മലപ്പുറം - വി. ഉണ്ണികൃഷ്ണൻ, പൊന്നാനി - പ്രൊഫ.വി.ടി രമ, പാലക്കാട്- സി.കൃഷ്ണകുമാർ, ചാലക്കുടി - എ.എൻ. രാധാകൃഷ്ണൻ, എറണാകുളം - അൽഫോൺസ് കണ്ണന്താനം , ആലപ്പുഴ- ഡോ. കെ.എസ് രാധാകൃഷ്ണൻ ,കൊല്ലം - കെ.വി. സാബു, ആറ്റിങ്ങൽ - ശോഭാ സുരേന്ദ്രൻ. തിരുവനന്തപുരം - കുമ്മനം രാജശേഖരൻ,
പത്തനംതിട്ട പ്രഖ്യാപനം പിന്നീട്

ലിസ്റ്റിലെ മറ്റ് പ്രമുഖർ

- നിതിൻ ഗഡ്കരി ..... നാഗ്പൂർ
- രാജ്നാഥ് സിംഗ് ..... ലക്നൗ
- വി.കെ. സിംഗ് ..... ഗാസിയാബാദ്
- സാക്ഷി മഹാരാജ് ..... ഉന്നാവോ
- ഹേമമാലിനി ..... മഥുര
- കിരൺറിജിജു ..... അരുണാചൽ ഈസ്റ്റ്
- രാജ്യവർദ്ധൻസിംഗ് റാത്തോഡ് ..... ജയ്പൂർ റൂറൽ
- ഡി.വി. സദാനന്ദ ഗൗഡ ..... ബാംഗ്ലൂർ നോർത്ത്
- അനന്ത്കുമാർ ഹെഗ്ഡെ ..... ഉത്തരകന്നഡ
- നളിൻകുമാർ ഖട്ടീൽ ..... ദക്ഷിണ കന്നഡ

തമിഴ്നാട്ടിൽ 5

- തമിഴിസൈ സൗന്ദരരാജൻ ..... തൂത്തുക്കുടി
- എച്ച് - രാജ ..... ശിവഗംഗ
- പൊൻരാധാകൃഷ്ണൻ ..... കന്യാകുമാരി
- സി. പി. രാധാകൃഷ്ണൻ ..... കോയമ്പത്തൂർ
- നയിനാർ നാഗേന്ദ്രൻ ..... രാമനാഥപുരം

അദ്വാനിയെ തഴയുന്നു

1991 മുതൽ ആറു തവണ (1991, 1998, 1999, 2004, 2009 ,2014) അദ്വാനിയെ വിജയിപ്പിച്ച ബി.ജെ.പി കോട്ടയാണ് ഗാന്ധിനഗർ. ബി.ജെ.പിയുടെ സ്ഥാപകനേതാക്കളിലൊരാളുപാർട്ടിയെവളർത്തുന്നതിൽ നിർണായകപങ്കുവഹിച്ച91 കാരനായ അദ്വാനിയുടെ പാർലമെന്ററിരാഷ്ട്രീയ ജീവിതത്തിന് അന്ത്യംകുറിക്കുന്ന തീരുമാനമാണിത്. 75 കഴിഞ്ഞവർ മത്സരിക്കേണ്ടെന്ന് നേരത്തെ കേന്ദ്രനേതൃത്വം തീരുമാനിച്ചിരുന്നു. മുതിർന്ന നേതാവ്മുരളീമനോഹർ ജോഷിയുടെ സിറ്റിംഗ് മണ്ഡലമായ കാൺപൂർ ആദ്യ ലിസ്റ്റിൽ ഇല്ല.

ലഹരി മരുന്ന് വർദ്ധന: സ്വമേധയാ കേസെടുത്ത് ഹൈക്കോടതി

കേരളകൗമുദി മുഖപ്രസംഗവും പരിഗണിച്ചു

നിയമകാര്യലേഖകൻ

കൊച്ചി: കേരളത്തിൽ വർദ്ധിച്ചുവരുന്നലഹരിമരുന്ന് ഉപയോഗവും തുടർന്നുള്ള കുറ്റകൃത്യങ്ങളും ചൂണ്ടിക്കാട്ടി കോട്ടയംമുൻജില്ലാപൊലീസ് മേധാവി എൻ. രാമചന്ദ്രൻ എഴുതിയ കത്തിൽ ഹൈക്കോടതി സ്വമേധയാ കേസെടുത്തു. 'സ്വൈരജീവിതം തകർക്കാൻ അനുവദിക്കരുത്' എന്ന തലക്കെട്ടിൽ ഇന്നലെ കേരളകൗമുദി എഴുതിയ മുഖപ്രസംഗം ഉൾപ്പെടെ പരിഗണിച്ച ഡിവിഷൻ ബെഞ്ച് ഹർജിയിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളെയും ഡി. ജി. പി, എക്സൈസ് കമ്മിഷണർ, ഹെൽത്ത് സർവീസ് ഡയറക്ടർ, ഡ്രഗ്സ് കൺട്രോളർ, നാർക്കോട്ടിക് കൺട്രോൾബ്യൂറോ ഡയറക്ടർ ജനറൽ എന്നിവരെയും കക്ഷി ചേർക്കാൻ നിർദേശിച്ചു.

സ്വൈരജീവിതം തകർക്കാൻ അനുവദിക്കരുത്

സംസ്ഥാനത്ത് വേനൽ ചൂട് ക്രമാതീതമാംവിധം വർദ്ധിക്കുന്നതിനനുസരിച്ച് കുറ്റകൃത്യങ്ങളും അത്രതപൂർവ്വമായി കൂടിക്കൊണ്ടിരിക്കുകയാണ്. മനുഷ്യമനഃസാക്ഷിയെ ഞെട്ടിക്കുന്നതരത്തിലുള്ള ഒരു ക്രൂരകൃത്യമെങ്കിലും നടക്കാത്തെ ദിവസം ഇല്ലെന്നായിരിക്കുന്നു. എല്ലാറ്റിനും പിന്നിൽ കുറ്റമാരം കടന്നിട്ടില്ലാത്തവരും യുവാക്കളുമാകും പ്രതികൾ എന്നത് വലിയ സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട്. ലഹരി കടത്തും മറയില്ലാതെയുള്ള വില്പനയും ഉപയോ

കേരളകൗമുദി ഇന്നലെ പ്രസിദ്ധീകരിച്ച മുഖപ്രസംഗം

ഇത്തരം കുറ്റകൃത്യങ്ങളുടെ പിന്നിൽ കുറ്റമാരം കടന്നിട്ടില്ലാത്തവരും യുവാക്കളുമാകും പ്രതികൾ എന്നത് വലിയ സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട്. ലഹരി കടത്തും മറയില്ലാതെയുള്ള വില്പനയും ഉപയോഗവും ഗുജറാത്തിലെ വഡോദരയിൽ ഇതു കണ്ടെത്താൻ പരിശോധനാ കിറ്റ് പൊലീസിന് ലഭ്യമാക്കിയിട്ടുണ്ടെന്നും ഇത്തരം കിറ്റുകൾ കേരളത്തിൽ ലഭ്യമാക്കണമെന്നും കത്തിൽ പറയുന്നുണ്ട്.

ഇത്തരം കിറ്റുകൾ ലഭ്യമാകുന്നതിനു പുറമേ ലഹരി മരുന്ന വിപത്തിനെ നേരിടാനുള്ള കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഫണ്ടിന്റെ വിനിയോഗം, ഇതിനെ നേരിടാനുള്ള ഭാവി കർമ്മപരിപാടി തുടങ്ങിയവയൊക്കെ വിശദമായി പരിശോധിക്കേണ്ടതുണ്ടെന്ന് കോടതി പറഞ്ഞു. ലഹരി മരുന്ന വിപത്തിനെ നേരിടാൻ നിലവിലെ സംവിധാനം ഹൈക്കോടതിയുടെ നിരീക്ഷണത്തിൽ നവീകരിക്കേണ്ടി വന്നേക്കാമെന്നും അഭിപ്രായപ്പെട്ടു.

സി.പി.എമ്മിനെ വെട്ടിലാക്കി വീണ്ടും പീഡന വിവാദം - പേജ് 7

കാശ്മീരിൽ വെടിനിറുത്തൽ ലംഘിച്ച് പാകിസ്ഥാൻ; ജവാന് വീരമൃത്യു - പേജ് 10

പത്തനംതിട്ടയും സുരേന്ദ്രനും ഇല്ലാതെ ബി.ജെ.പി ലിസ്റ്റ് - പേജ് 7

തലവര

ജേക്കബ് തോമസ് ചാലക്കുടിയിൽ മത്സരിച്ചേക്കും

ചാലക്കുടി ചാലിൽക്കുടി സ്രാവുകൾക്കൊപ്പം നീന്താം...

യുവാവിന്റെ മൃതദേഹത്തിന് പകരം സൗദിയിൽ നിന്ന് എത്തിച്ചത് ലങ്കൻ വനിതയുടെ മൃതദേഹം

ജിദ്ദയിൽ നിന്ന് പെട്ടി മാറി കയറ്റിവിട്ടു

കോന്നി: സൗദി അറേബ്യയിൽമരിച്ചകോന്നിസ്വദേശിയായ യുവാവിന്റെ മൃതദേഹത്തിന്പകരം ശ്രീലങ്കൻ വനിതയുടെ മൃതദേഹം വീട്ടിൽ എത്തിച്ച് ബന്ധുക്കളെയും നാട്ടുകാരെയും അമ്പരപ്പിച്ചു.

കോന്നി കുമ്മണ്ണൂർ ഈട്ടിമൂട്ടിൽ അബ്ദുൾറഹ്മാക്ക്-ഫാത്തിമബീവി ദമ്പതികളുടെ മകൻ റഫീഖി (27)ന്റെ മൃതദേഹത്തിന് പകരം 50 വയസ് തോന്നിക്കുന്ന ശ്രീലങ്കൻ വനിതയുടെ മൃതദേഹമാണ് വിമാനത്തിൽ നെടുമ്പാശേരിയിൽ എത്തിച്ചത്.

ഫെബ്രുവരി 28നാണ്അബഹയിൽഹൗസ്ഡ്രൈവറായിരുന്ന റഫീഖ്താമസസ്ഥലത്ത്ഉറക്കത്തിനിടെഹൃദയാഘാതംമൂലംമരിച്ചത്. അബഹ ഓൾഡ്ജനറൽആശുപത്രിയിൽസൂക്ഷിച്ചിരുന്നമൃതദേഹം ജിദ്ദ വിമാനത്താവളത്തിൽ വച്ച് നെടുമ്പാശേരിയിലേക്കുള്ള സൗദി എയർലൈൻസിൽകയറ്റുമ്പോൾ പെട്ടി മാറി ശ്രീലങ്കൻ വനിതയുടെ മൃതദേഹം അടങ്ങിയ പെട്ടി കയറ്റിവിട്ടുകയായിരുന്നു. റഫീക്കിന്റെ മൃതദേഹം ശ്രീലങ്കയിലേക്കുള്ള വിമാനത്തിലും കയറ്റിവിട്ടു. സുറുമിമോളാണ് റഫീഖിന്റെ ഭാര്യ. ഏകമകൻ റെയ്ഹാൻ.

റഫീഖ്

അറിഞ്ഞത് സംസ്കാര ചടങ്ങിനിടെ

നെടുമ്പാശേരിയിൽ റഫീഖിന്റെ ബന്ധുക്കൾപെട്ടിഏറ്റുവാങ്ങിചൊവ്വാഴ്ചരാത്രിപത്തുമണിയോടെകോന്നി കുമ്മണ്ണൂരിൽ എത്തിച്ച് അവിടെ മുസ്ലിം പള്ളിയിൽ സൂക്ഷിച്ചു. ഇന്നലെ രാവിലെ ഏഴിന് പൊതുദർശനത്തിനായി മൃതദേഹം പുറത്തെടുത്തപ്പോൾ ബന്ധുക്കളും നാട്ടുകാരും സംശയം പ്രകടിപ്പിച്ചു. തുടർന്ന് പള്ളി ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തിയ പരിശോധനയിലാണ്മൃതദേഹം സ്ത്രീയുടേതാണെന്ന് കണ്ടെത്തിയത്. ഉടനേ മൃതദേഹംപെട്ടിയിലാക്കിയശേഷം കോന്നി പൊലീസിൽ അറിയിച്ചു. പൊലീസിന്റെ പരിശോധനയിൽ മൃതദേഹം മാറിയെന്ന്സ്ഥിരീകരിച്ചു. മേൽനടപടിക്ക് ശേഷം മൃതദേഹം കോട്ടയം മെഡിക്കൽ കോളേജിലേക്ക് മാറ്റി.

റഫീഖിന്റെ മൃതദേഹം എത്തിക്കാൻ നടപടി

റഫീഖിന്റെ മൃതദേഹം നാട്ടിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചതായി നോർക്കറൂട്ട്സ്അധികൃതർ അറിയിച്ചു. മൃതദേഹം രണ്ടു ദിവസത്തിനകം എത്തിക്കാമെന്ന് കാർഗോ അധികൃതരും ബന്ധുക്കളെ അറിയിച്ചു. ശ്രീലങ്കൻ വനിതയുടെ മൃതദേഹവും അവർതന്നെ ശ്രീലങ്കയിൽ എത്തിക്കും.

അബദ്ധം ഇങ്ങനെ

ഇരുമൃതദേഹങ്ങളും അബഹയിൽ നിന്ന് ജിദ്ദ വരെ സൗദി അറേബ്യൻ വിമാനത്തിലാണ് എത്തിയത്. ജിദ്ദയിൽ നിന്ന് റഫീഖിന്റെ മൃതദേഹം ഗൾഫ് എയർ വിമാനത്തിൽ ബഹറൈൻ വഴി കൊളംബോയിലേക്കും ശ്രീലങ്കക്കാരിയുടെ മൃതദേഹം സൗദി എയർ വിമാനത്തിൽകൊച്ചിയിലേക്കും വിടുകയായിരുന്നു. മൃതദേഹത്തിനൊപ്പം നൽകിയ രേഖകൾ ശരിയായിരുന്നു. എംബാം ചെയ്ത നമ്പരും സീലും മാറിയതാണ് അബദ്ധത്തിന് ഇടയാക്കിയത്. 35-ാം നമ്പർ പെട്ടിക്ക് പകരം നെടുമ്പാശേരി വിമാനത്താവളത്തിൽ എത്തിയത് 32-ാം നമ്പർ പെട്ടിയാണ്. കാർഗോ ജീവനക്കാരുടെ പിഴവാണെന്ന്സൗദിയിലെ സുഹൃത്തുക്കൾ ബന്ധുക്കളെ അറിയിച്ചു.

ശ്രീലങ്കൻ വനിതയുടെ മൃതദേഹത്തോട് അനാദരവ് - പേജ് 5

വിധി... *സൗദി അറേബ്യയിൽ മരണമടഞ്ഞ കോന്നി സ്വദേശി റഫീഖിന്റെ മൃതദേഹത്തിന് പകരം നാട്ടിലെത്തിച്ച ശ്രീലങ്കൻ യുവതിയുടെ മൃതദേഹം കോട്ടയം മെഡിക്കൽ കോളേജ് മോർച്ചറിയിൽ സൂക്ഷിക്കാനായി റഫീഖിന്റെ പിതാവ്അബ്ദുൾ റസാക്കും ഭാര്യാ പിതാവ്ഉമ്മാലും ചേർന്ന് ആംബുലൻസിൽ നിന്ന് ഇറക്കുന്നു*

ഫോട്ടോ: ശ്രീകുമാർ ആലപ്ര

വേർപാടിന്റെ 30-ാം വർഷം
(22.03.2019)

വി. രാജേന്ദ്രൻ
മംഗലം (Near G.H.S. Attingal),
ശ്രീകൃഷ്ണാ ഓയിൽ മിൽ, ആറ്റിങ്ങൽ.
ദുഃഖിതരായ, ഭാര്യ : ശാന്ത രാജേന്ദ്രൻ,
മക്കൾ : റിജു (നാണു), അശ്വതി,
മരുമക്കൾ : സനൽ, മഞ്ചു,
ചെറുമക്കൾ : മാളവിക, അനാമിക, കൃഷ്ണനുണ്ണി, ആയുഷ്.

ഇന്ത്യയോട് ഇനി ഭീകരത വേണ്ട; പാകിസ്ഥാന് യു.എസ് താക്കീത്

- ഇന്ത്യയ്ക്ക് നേരെ ഇനി ഭീകരാക്രമണം നടത്തിയാൽ അത് അങ്ങേയറ്റം അപകടകരമായിരിക്കുമെന്ന് അമേരിക്ക പാകിസ്ഥാന് മുന്നറിയിപ്പ് നൽകി.
- ഭീകരസംഘടനകളെ അമർച്ച ചെയ്യാൻ പാകിസ്ഥാൻ ശക്തമായ നടപടികൾ എടുക്കണമെന്നും വൈറ്റ് ഹൗസിലെ ഉന്നത ഉദ്യോഗസ്ഥൻ വാർത്താസമ്മേളനത്തിൽ ആവശ്യപ്പെട്ടു.
- ജയ്ഷെ മുഹമ്മദും ലഷ്കറെ തയ്ബയും പോലുള്ള ഭീകരസംഘടനകൾക്കെതിരെ പാകിസ്ഥാൻ ശക്തമായ നടപടികൾ എടുക്കണം.

(വിശദവാർത്ത പേജ് 10)